# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 145   14.06.2013-ലെ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി അംഗീകരിച്ചു നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. 2012-13 വർഷം 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായതിനാലും മുൻ വർഷങ്ങളിലേക്കാൾ വ്യത്യസ്തമായി പ്രോജക്ടുകൾ ഓൺലൈൻ എൻട്രി നടത്തുന്ന രീതി അവലംബിച്ചതിനാലും പദ്ധതികൾ അംഗീകരിച്ചു നൽകുന്നതിൽ നേരിയ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ബി) പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗ നിർദ്ദേശങ്ങൾ എത്ര തവണ പരിഷ്കരിച്ച് പഞ്ചായത്തുകളെ അറിയിക്കേണ്ടി വന്നിട്ടുണ്ട് ; | ഒരു തവണ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 15.06.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.168/12/തസ്വഭവ ആയി പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിവിധ തലങ്ങളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 18.08.2012-ലെ സ.ഉ(എം.എസ്)നം.225/2012/തസ്വഭവ പ്രകാരം പരിഷ്ക്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയതുകൊണ്ട് പദ്ധതി നടത്തിപ്പിലെ സുതാര്യത നഷ്ടപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല |
| (ഡി) 2012-13 സാമ്പത്തിക വർഷം പദ്ധതി ചെലവിനത്തിൽ സംസ്ഥാനത്തിന് എത്ര ശതമാനം ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ? | 2012-13 സാമ്പത്തിക വർഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചെലവിനത്തിൽ 70.11 ശതമാനം ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ജില്ല | വകയിരുത്തിയ തുക | ചെലവാക്കിയ തുക | ശതമാനം |
|---|---|---|---|---|
| 1 | Thiruvananthapuram | 40503.63 | 30689.25 | 75.77 |
| 2 | Kollam | 34275.14 | 22496.19 | 65.63 |
| 3 | Pathanamthitta | 15524.41 | 11880 | 76.52 |
| 4 | Alappuzha | 23011.24 | 17765.5 | 77.20 |
| 5 | Kottayam | 21328.47 | 15952.64 | 74.80 |
| 6 | Idukki | 21204.98 | 13730.35 | 64.75 |
| 7 | Ernakulam | 34618.17 | 23697.68 | 68.45 |
| 8 | Thrissur | 35471.61 | 24261.04 | 68.40 |
| 9 | Palakkad | 39722.64 | 25740.31 | 64.80 |
| 10 | Malappuram | 35172.23 | 26560.25 | 75.51 |
| 11 | Kozhikode | 30077.97 | 19580.69 | 65.10 |
| 12 | Wayanad | 15565.43 | 10293.22 | 66.13 |
| 13 | Kannur | 24288.9 | 16937.73 | 69.73 |
| 14 | Kasargod | 14453.6 | 10507.89 | 72.70 |
| | **Total** | **385218.42** | **270092.74** | **70.11** |